## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം :2157 — 18. 07 . 2 0 1 6 ൽ മറുപടിക്ക്

## സ്കൂളുകളിലെ അക്കാദമിക് നിലവാരം ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>'' കെ.എസ്. ശബരീനാഥൻ<br>'' എൽദോസ് കുന്നപ്പിള്ളി<br>'' റോജി എം. ജോൺ | പ്രൊഫ. സി രവീന്ദ്രനാഥ്,<br>(ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്തെ സ്കൂളുകളിലെ അക്കാദമിക് നിലവാരം ഉയർത്തുവാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ? | എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളായി ഉയർത്തുന്നതിനും, മികച്ച ഭൗതിക സാഹചര്യങ്ങൾ ഉള്ള വിദ്യാലയങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.കലാ-കായിക പ്രവൃത്തി പരിചയ പ്രാധാന്യംനൽകുന്ന തരത്തിൽ പാഠ്യ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കുകയും അദ്ധ്യാപകർക്കായി മെച്ചപ്പെട്ട പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എ യുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച നടപ്പിലാക്കിയ ഫോക്കസ് പോലെയുള്ള പ്രവർത്തനങ്ങൾ അക്കാദമിക് നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്. നിയമസഭാ സാമാജികരുടെ മേൽ നോട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട അസംബ്ളി മണ്ഡലങ്ങളിൽ സ്കൂളുകളുടെ സമഗ്ര പുരോഗമനം ലക്ഷ്യമിട്ട് സമഗ്ര വിദ്യാഭ്യാസ പദ്ധതിയും നടപ്പിലിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്: വിശദാംശങ്ങൾ എന്തെല്ലാം; | ബി | പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകൃഷ്ടരാക്കുക, മികച്ച പഠന നിലവാരം ഉറപ്പു വരുത്തുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതിമുഖേന കൈവരിക്കുവാൻ ലക്ഷ്യമിടുന്നത്.കൂടാതെ കുട്ടികളുടെ ശാരീരികവും മാനസ്സികവും ആരോഗ്യപരവുമായ കാര്യങ്ങൾ കൂടി ശ്രദ്ധ വച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസമാണ് ലക്ഷ്യമിടുന്നത്. |
| സി) | പദ്ധതി നിർവ്വഹണത്തിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ? | സി) | വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുന്നതിന്, ഭൗതികാന്തരീക്ഷം ആകർഷകവും ശിശുസൗഹൃദമാക്കുന്നതിനും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ സ്കൂളുകളിലും ശൗചാലയങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.കുട്ടികൾ ഉദ്ദിഷ്ടപഠന നേട്ടങ്ങൾ കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നതിന് സ്മാർട്ട് ചിൽഡ്രൺപദ്ധതിയും, ശുചിത്വമുള്ള വിദ്യാലയാന്തരീക്ഷം ഉറപ്പാക്കുന്നതിന് ക്ലീൻ ക്യാമ്പസ് സേഫ് കാമ്പസ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ശക്തമായ മോണിറ്ററിംഗ് നടത്തുന്നതിനുള്ള ആസൂത്രണങ്ങളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ